കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തില്ലങ്കേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് –2017-18

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി10/1781/18.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയ്യതി: 07-12-18

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തിരം),

തില്ലങ്കേരി ഗ്രാമപഞ്ചായത്ത്.

സർ,

| | | |
|---|---|---|
| വിഷയം | : | തില്ലങ്കേരി ഗ്രാമപഞ്ചായത്ത് 2017-18-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്. |

***************

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത്രാജ് നിയമം 215(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്രാജ് -പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) , 1997 കേരളാ പഞ്ചായത്ത്രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി-10/1781/18 തീയ്യതി 07.12.2018

# തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

## ആമുഖം

(*1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4)* , *1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.*)*

കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.ഗ്രാമ പഞ്ചായത്ത് 21-08-2017 മുതൽ 01-09-18 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി അന്വേഷണക്കുറിപ്പുകൾ 12 എണ്ണം നൽകിയതിൽ 12 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ചശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ബി സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 03-09-2018 മുതൽ 13-09-2018 വരെ |

(ബി) ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ.പ്രമോദ് കെ വി | ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| ശ്രീ.വിജോഷ് പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ആൽബർട്ട് ജോസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി ശ്രീജ കെ | ഓഡിറ്റർ |

സി .നിർവ്വഹണാധികാരികളുടെ പേര് &കാലയളവ്

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ പി പി സുഭാഷ് | 01/04/2017- 31/03/2018 |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ സാജു ജോസഫ്<br>ശ്രീമതി മഞ്ജുഷ പി എൻ | 01/04/2017 -08/06/2017<br>09/06/2017- 31/03/2018 |

ഡി - നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | 1 ശ്രീ. റഫീസ് പി<br>2 ശ്രീ. നാരായണൻ<br>3 ശ്രീമതി. അനുപമ<br>4 ശ്രീ. രാഗേഷ് സി ആർ | 01/04/2017- 07/09/2017 (എപ്ലോയ്മെൻറ് എക്സ്ചേഞ്ച് നിയമനം<br>08/09/2017-26/12/2017 (അധീഷണൽ ചാർജ്ജ്)<br>27/12/2017-01/01/2018<br>02/01/2018-31/03/2018 |
| ഹെഡ് മാസ്റ്റർ | ശ്രീ കെ വി രവീന്ദ്രൻ | 01/04/2017- 31/03/2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ ഷാജീവൻ വി<br>ശ്രീമതി രേഷ്മ രവീന്ദ്രൻ | 01/04/2017- 08/11/2017<br>09/11/2017-31/03/2018 |
| വെറ്ററിനറി സർജ്ജൻ | ഡോ.ശരത്ത് പി എസ്<br>ഡോ. ദർശന.യു | 01/04/2017- 10/04/2017<br>11/04/2017 -31/3/18 |
| മെഡിക്കൽ ഓഫീസർ | ഡോ. മുബീന | 01/04/2017- 08/04/2017 |

| | | |
|---|---|---|
| -ആയുർവേദ | ഡോ. വിദ്യുത് കുമാർ<br>ഡോ. അനീഷ് കുമാർ | 09/04/2017 - 26/07/2017<br>27/07/2017 -31/3/18 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ. അഭിയ കുര്യൻ | 1/4/2017- 31/3/18 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ ശ്യാമപ്രസാദ്. എസ്.എസ്<br>രമേഷ് പി കെ(ഇൻ ചാർജ്ജ്)<br>ശ്രീ സലിം എ<br>ശ്രീമതി ലസിത.കെ.എ | 01/04/17 - 11/08/2017<br>12/08/2017- 31/08/2017<br>01/09/2017 - 08/12/2017<br>09/12/2017 -31/3/18 |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ മനോഹരൻ മാണിക്കോത്ത് | 01/04/2017 - 31/03/2018 |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി സോണി പി ജെ | 01/4/17 -31/3/18 |

## <u>ഉള്ളടക്കം</u>


| ഭാഗം 1 - പൊതു അവലോകനം | | |
|---|---|---|
| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| 13 | ദുരിതാശ്വാസ നിധി - പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല | 1-13 |
| ഭാഗം 2-വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 14 | കെട്ടിടങ്ങളുടെ ഉപയോഗാനുസരണം വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ് | 2-1 |
| 15 | ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം | 2-2 |
| 16 | സേവന നികുതി ചുമത്തുന്ന സാഹചര്യം പരിശാധിക്കാവുന്നതാണ് | 2-3 |
| ഭാഗം 3 - ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 17 | അഗതിരഹിത കേരളം പദ്ധതി നടപ്പാക്കിയില്ല | 3-1 |
| 18 | SSA മാച്ചിംഗ് ഗ്രാന്റ് നൽകൽ - വിനിയോഗ സാക്ഷ്യപത്രമില്ല | 3-2 |
| 19 | വനിതാ വികസനം - ആസൂത്രണ/ നിർവ്വഹണ അപാകങ്ങൾ | 3-3 |
| 20 | പദ്ധതി നിർവ്വഹണം - എം.ജി.എൻ. ആർ.ഇ.ജി.എസ്. സാധ്യതകൾ ഉപയോഗപ്പെടുത്തിയില്ല | 3-4 |
| 21 | പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗ വിവരം ലഭ്യമല്ല | 3-5 |

| | | |
|---|---|---|
| | | |
| 22 | പട്ടികവർഗ്ഗ വനിതകൾക്ക് വിവാഹ ധനസഹായം-സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 3-6 |
| 23 | പട്ടികവർഗ്ഗക്കാരായ വൃദ്ധർക്ക് കട്ടിൽ - നിർവ്വഹണ അപാകങ്ങൾ | 3-7 |
| 24 | വിനിയോഗിക്കാതെ ശേഷിക്കുന്ന തുകകൾ | 3-8 |
| 25 | പ്രൊജക്റ്റുകളുടെ മോണിറ്ററിംഗ് കാര്യക്ഷമമല്ല | 3-9 |
| ഭാഗം 4 - പൊതു വിവങ്ങളും ഓഡിറ്റ് പ്രത്യവലോകനം | | |
| 26 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 29 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിര നിക്ഷേപം | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 33 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 36 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 37 | റെസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 38 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 39 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് 28/03/2017 തീയതിയിലെ 62/17തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ്20/03/2018 തീയതിയിലെ 61/18 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| ബജറ്റ് | | പുതുക്കിയ ബജറ്റ് | |
|---|---|---|---|
| മുന്നിരിപ്പ് | 1656581. 80 | മുന്നിരിപ്പ് | 4441731. 80 |
| വരവ് | 97115500 | വരവ് | 92039199 |
| ആകെ | 98772081.80 | ആകെ | 96480930 |
| ചെലവ് | 98172000 | ചെലവ് | 95982410 |
| നീക്കിയിരിപ്പ് | 600081.80 | നീക്കിയിരിപ്പ് | 498520 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.18 | 04.06.18 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റിന്റെ തരം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|---|
| 2017-18 | 13-6-18,14-6-18 | വിശേഷണങ്ങളോട് കൂടിയത് | കെ എസ് എ /കെ എൻ ആർ/ സി 10/1155/2018 തീയതി 12-7-2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4441731 .30 |
| വരവ് | 35592889 |
| ആകെ | 40034620.30 |
| ചെലവ് | 33233919 |
| നീക്കിയിരിപ്പ് | 6800701.30 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 8198000 | 8198000 | 7823739 | 374261 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 482705 | 482705 | 482705 | 0 |
| വികസന ഫണ്ട്-ടി.സി.പി (ACR പ്രകാരം) | 0 | 1247493 | 1247493 | 1247493 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 4156000 | 4156000 | 2961519 | 1194481 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2587000 | 2587000 | 1995385 | 591615 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 3849676 | 3849676 | 3796715 | 52961 |

| | | | | | | |
|---|---|---|---|---|---|---|
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 2017623 | 2017623 | 1739638 | 277985 |
| സാക്ഷരത | | 29376 | 33 | 29409 | 29409 | 0 |
| ദുരിതാശ്വാസനിധി | | 38838 | 41365 | 80203 | 500 | 79703 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 16227251 | 16227251 | 16227251 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 545 | 1460596 | 1461141 | 1455864 | 5277 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ<br>പോഷകാഹാരം | | 313176 | 558333 | 871509 | 297719 | 573790 |
| ബി ഫണ്ട് | | 0 | 27355620 | 27355620 | 27355620 | 0 |
| സംസ്ഥാന സർക്കാർ ഗ്രാന്റ്<br>ശുചിത്വ മിഷൻ | | 15855 | 1714544 | 1730399 | 0 | 1730399 |
| ഡബ്ല്യു. ജി. ഡി. പി | | 645677 | 26145 | 671822 | 0 | 671822 |
| വിമുക്തി | | 25000 | 12500 | 37500 | 12500 | 25000 |
| ആശ്രയ | | 0 | 379801 | 379801 | | 379801 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 150000 | 2121789 | 2271789 | 1651032 | 620757 |
| | ജില്ലാ പഞ്ചായത്ത് | 1200000 | 551125 | 1751125 | 549888 | 1201237 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 4969000 | 4969000 | 4969000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 435874 | 3209455 | 3645329 | 2996077 | 649252 |
| | ട്രഷറി അക്കൗണ്ട് | 702832 | 124710 | 827542 | 399709 | 427833 |
| ഗുണഭോക്തൃ വിഹിതം | | 2246 | 82430 | 84676 | 82430 | 2246 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 113 | 39706107 | 77 | 24100357 | 6 | 30 | 68 |

എ. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 530003 | 6 | 529436 | 6 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- | 2635064 | 7 | 2128404 | 7 | 100 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 24712799 | 66 | 10591119 | 36 | 54.54 |

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 1988938 | 3 | 1976259 | 3 | 100 |
| വെറ്ററിനറി സർജ്ജൻ | 3840900 | 7 | 3177924 | 7 | 100 |
| മെഡിക്കൽ ഓഫീസർ -പി എച്ച് സി | 900000 | 4 | 879698 | 4 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 145000 | 2 | 145000 | 2 | 100 |
| ഐസി ഡി എസ് സൂപ്പർവൈസർ | 2782076 | 3 | 2748509 | 3 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 1166330 | 11 | 919011 | 11 | 100 |
| ഹെഡ് മാസ്റ്റർ | 1004997 | 4 | 1004997 | 4 | 100 |
| | ആകെ | 113 | | 83 | |

ബി.പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

09.01.2017 – ലെ ജി.ഒ.(എം.എസ്)72/2017/ എൽ.എസ്.ജി.ഡി. ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.01.2017 – ലെ 16/2017(1) നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതി അംഗങ്ങളെ നിശ്ചയിച്ച് അംഗീകരിച്ചിട്ടുണ്ട്.

സ്റ്റാറ്റസ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടും വികസനരേഖയും 23.05.2017 – ലെ 80/2017 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രിന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ടെങ്കിലും ചില ഭാഗങ്ങൾ അപൂർണമാണ്.

വർക്കിംഗ് ഗ്രൂപ്പുകൾ

ഗ്രാമപഞ്ചായത്തിൽ 13 മേഖലകളിലായി വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 2017 – 18 – ൽ ഓരോ വർക്കിംഗ് ഗ്രൂപ്പും രണ്ടു തവണ വീതം യോഗം ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നുണ്ടെങ്കിലും പദ്ധതിയുടെ നിർവഹണഘട്ടങ്ങളിൽ ആവശ്യമായ ഇടപെടലുകൾ നടത്തുന്നതായി കാണുന്നില്ല. വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി നിർദ്ദേശങ്ങൾ

നൽകിയതല്ലാതെ ഈ നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും നടപ്പാക്കിയ പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ വർക്കിംഗ് ഗ്രൂപ്പുകൾ ഒന്നും തന്നെ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല എന്നതും വീഴ്ചയാണ്.

തൻവർഷം 113 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 77 എണ്ണം മാത്രമേ പൂർണ്ണമായും നടപ്പാക്കിയിട്ടുള്ളൂ. പശ്ചാത്തല മേഖലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതി നിർവ്വഹണത്തിൽ അംഗീകരിച്ച പ്രൊജക്ടിന്റെ 54% മാത്രമേ നിർവ്വഹണം നടത്തിയിട്ടുള്ളൂ. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

ഗ്രാമസഭ

ഓഡിറ്റ് വർഷത്തിൽ നാലു തവണ വീതം യോഗം ചേർന്നിട്ടുണ്ട്. ക്വാറം തികയാതെയും ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. ഉദാഹരണത്തിന് ഏഴാം വാർഡിൽ 10.04.2017 – ന് ചേർന്ന ഗ്രാമസഭയിൽ ക്വാറം 93 ആണെങ്കിലും 63 പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. ഗ്രാമസഭകളിൽ ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത് അംഗത്തിന്റെയും ബ്ലോക്ക് പഞ്ചായത്ത് അംഗത്തിന്റെയും സാന്നിദ്ധ്യം ഉറപ്പാക്കാനായിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ വിവരം ഗ്രാമസഭകളിൽ അവതരിപ്പിക്കാനും പണിസ്ഥലത്ത് പ്രദർശിപ്പിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ക്രമ നം | രജിസ്ട്രേഷനുകളുടെ എണ്ണം | | | | സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ എണ്ണം | | | | ചെലവ് (ലക്ഷത്തിൽ) | 100 ദിവസം തൊഴിൽ തികച്ച വരുടെ എണ്ണം | ഏറ്റെടുത്ത പ്രവർത്തികൾ എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|
| | sc | st | others | total | sc | st | others | total | | | |
| 1 | 21 | 40 | 2493 | 2493 | 288 | 502 | 61304 | 62094 | 162.27 | 61 | 162 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 98760 | 155 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 8239300 | 695 |
| വിധവാപെൻഷൻ | 6931600 | 573 |
| വാർദ്ധക്യകാലപെൻഷൻ | 8708500 | 677 |
| വികലാംഗപെൻഷൻ | 2581200 | 220 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതൾക്കുള്ള പെൻഷൻ | 485300 | 56 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 270000 | 9 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31.07.2018 | 01.05.2018 മുതൽ 31.07.2018 വരെ | 31.07.2018 |

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

സ്ഥാപനത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ മെച്ചപ്പെട്ടതാണ്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ സമയബന്ധിതമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ റവന്യൂ വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ചർച്ചകൾ നടത്തേണ്ടതും ബജറ്റിൽ പുതിയ വരുമാന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തേണ്ടതുമാണ്.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം ആകെ അഞ്ചുതവണയാണ് സ്റ്റാഫ് മീറ്റിംഗ് ചേർന്നിട്ടുള്ളത്. ഓഫീസ് ഉത്തരവുകൾ കൃത്യമായി പുറപ്പെടുവിക്കുന്നുണ്ട്. സ്റ്റാഫ് മീറ്റിംഗ് പ്രതിമാസം ചേരുന്നതിനും ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്

## 1-11 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-9-2018. 3 pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി.പരിശോധനയിൽ 9,316/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-12 വാർഷിക കണക്കിലെ അപാകങ്ങൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. താഴെ പറയുന്ന പ്രോജക്ടുകളിലെ മുഴുവൻ ചെലവുകളും വാർഷിക ധനകാര്യ പത്രികയിൽ വന്നിട്ടില്ല.

| പ്രോജക്ട് നമ്പർ/ പേര് | ACR പ്രകാരം ചെലവ് ₹ | AFS പ്രകാരം ചെലവ് ₹ | യഥാർത്ഥ ചെലവ് ₹ | ഫണ്ടിനം |
|---|---|---|---|---|
| 112/18 ഭവനം വാസയോഗ്യമാക്കൽ | 247493 | 1224820 | 1247493 | വികസന ഫണ്ട് TSP |
| 122/18 SC വിഗാത്തിന് കട്ടിൽ വാങ്ങൽ | 482705 | 461960 | 482705 | വികസന ഫണ്ട് SCP |

2. താഴെ പറയുന്ന പ്രോജക്ടിലെ ചെലവു തുക വാർഷിക ധനകാര്യ പത്രികയിൽ അധികം വന്നിട്ടുണ്ട്.

| പ്രോജക്ട് നമ്പർ/ പേര് | ACR പ്രകാരം ചെലവ് ₹ | AFS പ്രകാരം ചെലവ് ₹ | യഥാർത്ഥ ചെലവ് ₹ | ഫണ്ടിനം |
|---|---|---|---|---|
| 110/18 കുട്ടിമാവ് കുന്നിരട്ടി – മാമ്പറ റോഡ് കലുങ്ക് നിർമ്മാണം | 1739638 | 2039638 | 1739638 | KLGSDP |

3. വിമുക്തി ഫണ്ടിനത്തിൽ ലഭിച്ച ₹ 37500 -ൽ ചെലവഴിച്ച ₹ 25000 വാർഷിക ധനകാര്യ പത്രികയിൽ വന്നിട്ടില്ല.

4. വാർഷിക സ്റ്റോക്ക് പരിശോധന റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

## 1-13 ദുരിതാശ്വാസ നിധി പ്രവർത്തങ്ങൾ കാര്യക്ഷമമല്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും)ചട്ടങ്ങളിൽ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രകൃതിക്ഷോഭം, രോഗാവസ്ഥ മുതലായ ദുരിതങ്ങളാൽ കഷ്ടതയനുഭവിക്കുന്ന ജനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ഉദ്ദേശത്തോടെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. കലാകായികവിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം നടത്തണമെന്ന് പ്രസ്തുത ആക്ട് സെക്ഷൻ 3(2) വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ഇതിനായി ആരംഭിച്ച കേരള ഗ്രാമീൺ ബാങ്ക്, തില്ലങ്കേരി ശാഖയിലെ 40514100004586 അക്കൗണ്ടിൽ 26-3-2018 തീയതിയിൽ ₹79203 നീക്കിയിരിപ്പുണ്ട്.2017-18 കാലയളവിൽ ₹ 500 മാത്രമാണ് ഈ ഇനത്തിൽ ചെലവ് വന്നിട്ടുള്ളത്. ദുരിതാശ്വാസ നിധിയിലേക്ക് ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകൾ ഒരു സബ്കമ്മിറ്റി പരിശോധിച്ച് അർഹരായവർക്ക് ധനസഹായം നൽകുവാൻ ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. സന്ദർഭം ആവശ്യപ്പെടുന്ന പക്ഷം അടിയന്തിരഘട്ടങ്ങളിൽ അപേക്ഷയുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന് അർഹരായ വ്യക്തികൾക്ക് അല്ലെങ്കിൽ കുടുംബത്തിന് 500 രൂപ വരെ ധനസഹായം നൽകാവുന്നതാണ്. 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപികരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 7 അനുസരിച്ച് ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായത്തിന് അപേക്ഷിച്ചവരുടെയും ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയവരുടെയും വിവരങ്ങൾ ഗ്രാമസഭയിൽ അറിയിക്കേണ്ടതുണ്ട്. പ്രകൃതിക്ഷോഭം, മാറാരോഗം എന്നിവമൂലം കഷ്ടതയനുഭവിക്കുന്ന ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകാൻ ഉദ്ദേശിച്ചുകൊണ്ട് സ്വരൂപിച്ച ദുരിതാശ്വാസ നിധിയുടെ ഗുണഫലങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിടങ്ങളുടെ ഉപയോഗാനുസരണം വസ്തുനികുതി നിർണയിക്കേണ്ടതാണ്.

2017-18കാലയളവിലെ ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, ഡി & ഒ ലൈസൻസ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ വാണിജ്യാവശ്യങ്ങൾക്കായി ഡി & ഒ ലൈസൻസ് നൽകിയ താഴെപറയുന്ന കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനെന്ന തരത്തിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | വാണിജ്യം നടത്തുന്നവരുടെ പേര് | സംരംഭം | കെട്ടിട ഉടമസ്ഥന്റെ പേര് |
|---|---|---|---|---|
| 1 | 8/348 | മംഗലാടൻ അബ്ദുൾ ഖാദർ | ചായകട | എം റുക്സാന |

| | | | | |
|---|---|---|---|---|
| 2 | 5/73 | കെ വി ശ്രീലത | ഫ്ലോർ മില്ല് | കെ വി ശ്രീലത |
| 3 | 3/137 | ജയദീപൻ കോറോത്താൻ | പലചരക്ക് കട | ഉച്ചമ്പള്ളി ഗോവിന്ദൻ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(6/12-9-18) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 1,2 എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റ എൻട്രി ചെയ്യപ്പോൾ തെറ്റായ രീതിയിൽ രേഖപ്പെടുത്തിയതുകൊണ്ടാണ് അപാകം ഉണ്ടായതെന്നും ക്രമ നമ്പർ 3, കെട്ടിട നമ്പർ തെറ്റായി രേഖപ്പെടുത്തിയതാണെന്നും അറിയിച്ചിട്ടുണ്ട്. ലൈസൻസിനായി ലഭിക്കുന്ന അപേക്ഷകൾ കൃത്യമായി പരിശോധിച്ച് വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് പ്രസ്തുത ആവശ്യത്തിനെന്ന തരത്തിൽ നികുതി പുനർനിർണ്ണയം നടത്തേണ്ടതും ഇപ്രകാരം ലൈസൻസ് നൽകിയ കെട്ടിടം തന്നെയാണ് വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-2 ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക ( ട്രേഡേഴ്സ് ലിസ്റ്റ് )വാർഡ് തിരിച്ച് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും വിവരങ്ങൾ ചേർത്തിട്ടില്ല എന്ന് പ്രസ്തുത ലിസ്റ്റ്, ഡി&ഒ ലൈസൻസ് ഫീ ഡിമാന്റ് രജിസ്റ്ററുമായി ഒത്തുനോക്കിയതിൽ കാണുന്നു. ഉദാഹരണമായി കെട്ടിട നമ്പർ 1/83 ലെ വിനോദ് കുമാർ പി എന്നവരുടെ ചായക്കട, കെട്ടിട നമ്പർ 3/296 ലെ ടി കൃഷ്ണൻ എന്നവരുടെ ഹോട്ടൽ; ആവശ്യമായ ഫീൽഡ് പരിശോധന നടത്താതെയാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണമായതിനാൽ ഡി& ഒ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നീ നികുതി ഇനങ്ങളിൽ വരുമാന ചോർച്ച സംഭവിക്കാൻ ഇടയുണ്ട്. ഫീൽഡ് തല പരിശോധന നടത്തി പൂർണ്ണവും കുറ്റമറ്റതുമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്.

## 2-3 സേവന നികുതി ചുമത്തുന്ന സാഹചര്യം പരിശോധിക്കാവുന്നതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ച ചട്ടങ്ങളിലെ ചട്ടം 27 പ്രകാരം പഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.കൂടാതെ ചട്ടം 29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ദൈനംദിന ചെലവുകൾക്ക് പോലും സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന സാഹചര്യത്തിൽ

പഞ്ചായത്ത് ലഭ്യമാക്കുന്ന സേവനങ്ങൾക്ക് നികുതി ചുമത്തുന്ന കാര്യം ഭരണ സമിതിക്ക് പരിഗണിക്കാവുന്നതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 അഗതി രഹിത കേരളം പദ്ധതി നടപ്പാക്കിയില്ല

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും തുടർന്നും സേവനത്തിന് അർഹരായവരുമായ ഗുണഭോക്താക്കളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനായി അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ഇതു സംബന്ധിച്ച് കൂടുതൽ നിർദ്ദേശങ്ങൾ സർക്കുലർ നം. 472/ഐ.എ.1/2017/ത.സ്വ.ഭ.വ. തീയ്യതി 22.12.2017 പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതുമാണ്. മേൽ സർക്കുലർ പ്രകാരം, വിശദമായി തയ്യാറാക്കിയ അഗതിരഹിത കേരളം പദ്ധതിരേഖ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് 31.01.2018 ന് മുമ്പായി സമർപ്പിക്കേണ്ടതുമാണ്. എന്നാൽ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. 56 കുടുംബങ്ങളെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തി 17538116/- രൂപ അടങ്കലുള്ള പദ്ധതി 18-06-2018 ന് ഭരണസമിതി അംഗീകാരം നൽകിയതായി സി.ഡി.എസ് ചെയർ പേഴ്സൺ അറിയിച്ചിട്ടുണ്ട്.

### 3-2 S S A മാച്ചിംഗ് ഗ്രാന്റ് നൽകൽ - വിനിയോഗ സാക്ഷ്യപത്രമില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ :ഹെഡ് മാസ്റ്റർ

പ്രോജക്ടിന്റെ പേര് : S S A മാച്ചിംഗ് ഗ്രാന്റ് നൽകൽ

പ്രോജക്റ്റ് നമ്പർ : 26/18

അടങ്കൽ : 867497/- വികസന ഫണ്ട്

ചെലവ് : 867497/- ബിൽ നമ്പർ 1/17-18 തീയതി 20-7-17

മേൽ പ്രൊജക്റ്റ് പ്രകാരം S S A ഗ്രാമ പഞ്ചായത്ത് വിഹിതമായി 867497 രൂപ ജില്ല പ്രോജക്റ്റ് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

### 3-3 വനിതാവികസനം - ആസൂത്രണ/ നിർവഹണ അപാകതകൾ-

നിർവഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി എസ് സൂപ്പർവൈസർ

വാർഷികാസൂത്രണത്തിന്റെ മുന്നോടിയായുള്ള ഗ്രാമപഞ്ചായത്തിൻെറ ക്ഷേമകാര്യസ്റ്റാൻറിങ്ങ് കമ്മിറ്റി,വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ പ്രവർത്തനം പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ ചില പോരായ്മകൾ പ്രതിഫലിക്കുന്നുണ്ട്.വിശകലനത്തെ അടിസ്ഥാനമാക്കി വനിതകൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ,വികസനത്തിലെ നിലവിലുള്ള വിടവുകൾ,വികസനം മെച്ചപ്പെടുത്തുന്നതിലുള്ള സാദ്ധ്യതകൾ, അതിന് സ്വികരിക്കാവുന്ന തന്ത്രം എന്നിവ ഉൾപ്പെടുത്തി ഒരു അവസ്ഥാരേഖ തയ്യാറാക്കിയെങ്കിലും അവ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കി

നടപ്പിലാക്കുന്നതിൽ വേണ്ടത്ര വിജയം കണ്ടിട്ടില്ല.വനിതകൾക്കായി 03-04-2017തീയതിയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പിൽ രൂപം കൊണ്ട ( വർക്കിങ് ഗ്രൂപ്പ് മിനട്സ് പേജ് നം : 6,7 ) 7 പ്രൊജക്ടുകളിൽ താഴെ പറയുന്ന 5 എണ്ണവും തൻവർഷം നടപ്പിലാക്കിയിട്ടില്ല.(ഓഡിറ്റ് അന്വേഷണം 9/12-9-18)

1.സ്ത്രീകൾക്ക് തയ്യൽ പരിശീലനം കൊടുക്കുക

2.വനിതകൾക്ക് ശിങ്കാരിമേളം പഠിക്കാനും ഉപകരണങ്ങൾ വാങ്ങാനും പ്രൊജക്റ്റ് വയ്ക്കുക

3.വർദ്ധിച്ചു വരുന്ന സ്ത്രീരോഗങ്ങൾ നിയന്ത്രിക്കുന്നതിനാവശ്യമായ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക .

4.കെട്ടിടം ഇല്ലാത്ത ശങ്കരങ്കണ്ടി അങ്കണവാടികൾക്കു കെട്ടിടം നിർമ്മിക്കുക.

5.തൊഴിൽ ഉറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ളം ഇല്ലാത്ത അങ്കണവാടികൾക്കു കുടിവെള്ളം ലഭ്യമാക്കുക.

വനിതകളുടെ മുഖ്യ വികസനപ്രശ്നങ്ങൾ പ്രതിഫലിക്കുന്ന രീതിയിലല്ല പദ്ധതികൾ രൂപപ്പെട്ടത്.ഈ വിഷയത്തിലേക്കു വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 പദ്ധതി നിർവഹണം - എം.ജി.എൻ.ആർ.ഇ.ജി.എസ് സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിയില്ല

2017-18 വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖയിൽ [ജി.ഒ(എം.എസ്)80/2017തസ്വഭവതീ.03.4.2017] എംജിഎൻആർഇജിഎസിന്റെ സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിൽ ഈ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിയതായി കണ്ടില്ല.ഇക്കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-5 പ്രത്യേക കന്നുകുട്ടി പരിപാലനം- വിനിയോഗ വിവരം ലഭ്യമല്ല

താഴെ പറയുന്ന പ്രൊജക്ടുകൾക്കായി വെറ്ററിനറി സർജൻ മുഖേന എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ(കണ്ണൂർ)ക്ക് നൽകിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | നൽകിയ തുക | ബിൽ നമ്പർ / തീയതി |
|---|---|---|---|
| 1 | 46/2018 പ്രത്യേക കന്നുകുട്ടി പരിപാലനം | 625000 | 5/2017-18 /9-1-2018 |
| 2 | 12/2018 പ്രത്യേക കന്നുകുട്ടി പരിപാലനം | 93750 | 3/17-18 /27-10-17 |

പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

## 3-6 പട്ടികവർഗ്ഗ യുവതികൾക്ക് വിവാഹ ധനസഹായം - സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് | 33/2017-18 |
| അടങ്കൽ | 150000 വികസന ഫണ്ട് (TSP) |
| ചെലവ് | 150000 വികസന ഫണ്ട് (TSP) |
| ബിൽ നമ്പർ /തീയതി | 2/2017-18/09-11-2017,4/2017-18 /21-02-2018 |

ബിൽ നമ്പർ 4/2017-18//21-02-2018 പ്രകാരം 75,000/- രൂപ ശ്രീമതി കെ രേഷ്മയ്ക്ക് വിവാഹ ധനസഹായമായി നൽകിയിട്ടുണ്ട്. ഈ ഗുണഭോക്താവിന് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് വ്യക്തമാക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 12-09-2018നു നൽകിയ 5-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥ ബന്ധപ്പെട്ട രേഖ ഉടൻ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് .

## 3-7 പട്ടിക വർഗ്ഗക്കാരായ വൃദ്ധർക്ക് കട്ടിൽ -നിർവഹണ അപാകങ്ങൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ്സെക്രട്ടറി |
| പ്രോജക്ട് | 123/2017-18 |
| അടങ്കൽ | 46500 വികസന ഫണ്ട് (TSP) |
| ചെലവ് | 46200 വികസന ഫണ്ട് (TSP) |
| ബിൽ നമ്പർ /തീയതി | 10/2017-18//27-03-2018 |

1.മേൽ പദ്ധതികൾ പ്രകാരം 11 ഗുണഭോക്താക്കൾക്ക് അനു ഏജൻസിസ് ചെനിക്കുളം എന്ന സ്ഥാപനത്തിൽ നിന്നും കട്ടിൽ വാങ്ങി നൽകുന്നതിന് 46,200 രൂപ ചെലവഴിച്ചിട്ടുണ്ട് ആയതിൽ ശ്രീമതി ഇ കെ നങ്ങ , ശ്രീമതി കറുത്ത, ഇല്ലം കോളനി എന്നിവർക്ക് കട്ടിൽ ലഭിച്ചതായി ഉള്ള ഗുണഭോക്താവിന്റെ കൈപ്പറ്റ് രേഖയില്ല

2)പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റോ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഇല്ല.

3.ശ്രീ. വെള്ളക്കണ്ടി , ശ്രീമതി ബേത്തിഎന്നിവരൊഴികെയുള്ള 9 പേർക്ക് 60 വയസ്സ് പിന്നിട്ടവരാണെന്ന് തെളിയിക്കുന്ന രേഖയും, ജാതി സർട്ടിഫിക്കറ്റും ഇല്ല.ഇത് സംബന്ധിച്ച് 12-09-2018നു നൽകിയ 5ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥ ബന്ധപ്പെട്ട രേഖ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കാരണങ്ങളാൽ ചെലവു തുക 46,200/- തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 വിനിയോഗിക്കാതെ ശേഷിക്കുന്ന തുകകൾ

തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ 4 പ്രകാരം 31-3-2018 ന് പ്രത്യേക ഉദ്ദേശ ഗ്രാന്റ് ഇനത്തിൽ ചെലവഴിക്കാതെ 6011326/- രൂപ

ശേഷിക്കുന്നുണ്ട്. തുക അനുവദിക്കപ്പെട്ട ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ അല്ലാത്ത പക്ഷം തിരിച്ചടുക്കുകയോ ചെയ്യേണ്ടതാണ്

## 3-9 പ്രോജക്ടുകളുടെ മോണിറ്ററിംഗ് കാര്യക്ഷമമല്ല

പ്രോജക്ടുകളുടെ മോണിറ്ററിംഗിനായി പദ്ധതിയുടെ രൂപീകരണത്തിനു ശേഷം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. കൂടാതെ പ്രോജക്ട് നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2017-18 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക).

എന്നാൽ തില്ലങ്കേരി ഗ്രാമപഞ്ചായത്തിലെ പദ്ധതി നിർവ്വഹണത്തിൽ മേൽനിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. മോണിറ്ററിംഗ് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമനമ്പർ | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2017-18 | 163625 | തരിശുരഹിത ഗ്രാമം | 163625 | 0 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 163625 | സമഗ്ര നെൽകൃഷി വികസനം | 163625 | 0 |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 184000 | കശുമാവ് കൃഷി വികസനം | 184000 | 0 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | ക്ഷീരകർഷകർക്ക് പാൽ ഇൻസെൻറീവ് | 72576 | 127424 |

| | | | | | | |
|---|---|---|---|---|---|---|
| 5 | ജില്ലാ പഞ്ചായത്ത് | 2017-18 | 400000 | ക്ഷീരകർഷകർക്ക് പാൽ ഇൻസെൻറീവ് | 0 | 400000 |
| 6 | ജില്ലാ പഞ്ചായത്ത് | 2017-18 | 300000 | ജനസൌഖ്യ പാലിയേറ്റീവ് കെയർ | 298763 | 1237 |
| 7 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1086664 | ലൈഫ് ഭവനപദ്ധതി സ്പിൽ ഓവർ പ്രവൃത്തികളുടെ പൂർത്തീകരണം | 993331 | 93333 |
| 8 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 87500 | ശാരീരിക മാനസിക സ്കോളർഷിപ്പ് | 87500 | 0 |
| 9 | ജില്ലാ പഞ്ചായത്ത് | 2017-18 | 87500 | ശാരീരിക മാനസിക സ്കോളർഷിപ്പ് | 87500 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ ബി | പള്ളും റോഡില് ഗതാഗത തടസ്സം ഉണ്ടാക്കുന്ന പോസ്റ്റ് മാറ്റൽ | M G (R)AE LSGD 21700775 | 52072/- | 52072/- | 0 |

| | | | | | |
|---|---|---|---|---|---|
| | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ
ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്
ഇല്ല

## 4-5 സ്ഥിര നിക്ഷേപം
ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി
ഈയിനത്തിൽ തൻവർഷം ലഭിച്ച 7000 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2001-02 | 2-5 | 2500 | കെ വി ഹരിദാസൻ<br>കൊള്ളിയാൻ ഹൌസ്<br>പാറക്കണ്ടി<br>കണ്ണൂർ(റിട്ട. അസി.എഞ്ചിനീയർ) | 117030400001<br>17/07/2017 |
| 2001-02 | 2-6 | 2500 | കെ വി ഹരിദാസൻ<br>കൊള്ളിയാൻ ഹൌസ്<br>പാറക്കണ്ടി<br>കണ്ണൂർ | 117030400002<br>23/10/2017 |
| | 2-7 | 2000 | കെ വി ഹരിദാസൻ<br>കൊള്ളിയാൻ ഹൌസ് | 117030400003<br>17/01/2018 |

| | | | | |
|---|---|---|---|---|
| | | | പാറക്കണ്ടി<br>കണ്ണൂർ | |

ആകെ 7000/-രൂപ

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.2 | 2016-17 | അനുബന്ധം 3 | വസ്തു നികുതി 2014-15 | തുടരുന്നു. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക – ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക - ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

-

(എ) സംക്ഷിപ്ത വിവരം(റസീറ്റ്&പേമെന്റ് പത്രിക പ്രകാരം)

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 35592889 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 33233919 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 46200/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| | | |
|---|---|---|
| നമ്പർ | | ഉദ്യോഗപ്പേരും |
| 3-7 | 46200/- | ശ്രീമതി ലസിത കെ.എ. , അസി. സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ലസിത കെ.എ., അസി. സെക്രട്ടറി | അസി. സെക്രട്ടറി, തില്ലങ്കരി ഗ്രാമ പഞ്ചായത്ത് | കണിയാന്റെ പൊയിൽ പി.ഒ., ടെംപിൾ ഗേറ്റ്, തലശ്ശേരി. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | എൽ.എഫ്.കെ.എൻ.ആർ.ഡി.3/317/12(4) തീയ്യതി:17.12.2012 | 1 |
| 2004-05 | എൽ.എഫ്.കെ.എൻ.ആർ.ഡി.1/1000/12(5) തീയ്യതി:17.12.2012 | 2 |
| 2005-06 | എൽ.എഫ്.കെ.എൻ.ആർ.ഡി.1/1000/12(6) തീയ്യതി:17.12.2012 | 3 |
| 2006-07 | എൽ.എഫ്.കെ.എൻ.ആർ.ഡി.1/1000/12(7) | 2 |

| | | |
|---|---|---|
| | തീയ്യതി:17.12.2012 | |
| 2007-08 | എൽ.എഫ്.കെ.എൻ.ആർ.ഡി.1/1262/13)<br>തീയ്യതി:06.09.2013 | 6 |
| 2008-09 | എൽ.എഫ്.കെ.എൻ.ആർ.ഡി.1/55/13<br>തീയ്യതി:03.09.2013 | 7 |
| 2009-10 | എൽ.എഫ്.കെ.എൻ.ആർ.ഡി.9/688/13<br>തീയ്യതി:19.09.2013 | 12 |
| 2010-11,<br>2011-12 | എൽ.എഫ്.കെ.എൻ.ആർ.ഡി.1/1000/12(1)<br>തീയ്യതി:17.12.2012 | 14 |
| 2012-13,<br>2013-14 | എൽ.എഫ്.കെ.എൻ.ആർ.ഡി.9/338/16<br>തീയ്യതി:05.04.2016 | 01 |
| 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.9-1443/16<br>തീയ്യതി: 09.08.2016 | 01 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.9-2021/16<br>തീയ്യതി: 03.01.2017 | 06 |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.10 /1642/2017<br>തീയ്യതി: 13.10.2017 | 20 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ/കെ.എൻ.ആർ/സി10/1781/18.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയ്യതി: 07-12-18

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തില്ലങ്കേരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ.

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

# RECEIPT AND PAYMENT STATEMENT OF THILLENKERY GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | Opening Balance | | |

| | | | |
|---|---|---|---|
| | Bank | RP-40(a) | 4,419,078.30 |
| | Cash | RP-40(a) | 22,653.00 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 441,420.00 |
| 130000000 | Rental Income from Panchayat Properties | RP-3 | 750 |
| 140000000 | Fees & User Charges | RP-4 | 282,394.00 |
| 150000000 | Sale & Hire Charges | RP-5 | 193,597.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 25,682,496.00 |
| 171000000 | Interest Earned | RP-9 | 49,479.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6,534,863.00 |
| 350000000 | Other Liabilities | RP-36 | 42,629.00 |
| Non Operating | | | |
| 180000000 | Other Income | RP-10 | 7,000.00 |
| 311000000 | Earmarked Funds | RP-29 | 41,365.00 |
| 340000000 | Deposits Received | RP-34 | 134,188.00 |
| 350000000 | Other Liabilities | RP-36 | 118,028.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2,064,680.00 |
| 460000000 | Loans, Advances and Deposits | RP-47 | 0 |

| | | | |
|---|---|---|---|
| Grand Total | | | 40,034,620.30 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 1,852,823.00 |
| 220000000 | Administrative Expenses | RP-12 | 453,479.00 |
| 230000000 | Operations & Maintenance | RP-13 | 341,478.00 |
| 250000000 | Decentralised Plan Programme - Productive Sector | RP-15 | 3,882,582.00 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 8,971,570.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-17 | 1,089,850.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | RP-18 | 20,000.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not i | RP-19 | 632,296.00 |
| 255000000 | Maintenance Projects | RP-20 | 3,062,568.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 29,000.00 |
| 280000000 | Prior Period Item | RP-26 | -9,000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 0 |
| 350000000 | Other Liabilities | RP-36 | 3,410,427.00 |

| | | | |
|---|---|---|---|
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 1,915.00 |
| 340000000 | Deposits Received | RP-34 | 89,450.00 |
| 350000000 | Other Liabilities | RP-36 | 1,926,403.00 |
| 410000000 | Fixed Assets | RP-38 | 2,922,049.00 |
| 412000000 | Capital Work In Progress | RP-40 | 4,029,202.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 395,265.00 |
| 460000000 | Loans, Advances and Deposits | RP-47 | 132,562.00 |
| | Closing Balance | | |
| | Bank | RP-40(b) | 6,774,849.30 |
| | Cash | RP-40(b) | 25,852.00 |
| Grand Total | | | 40,034,620.30 |

## അനുബന്ധം-2-2

# INCOME AND EXPENDITURE STATEMENT OF THILLENKERY GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | INCOME | | |

| | | | |
|---|---|---|---|
| 110000000 | Tax Revenue | I-1 | 1857520 |
| 130000000 | Rental Income from Panchayat Properties | I-3 | 50750 |
| 140000000 | Fees & User Charges | I-4(b) | 323269 |
| 150000000 | Sale & Hire Charges | I-5(b) | 193597 |
| 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 62513773 |
| 171000000 | Interest Earned | I-8 | 49,479.00 |
| 180000000 | Other Income | I-9 | 7,000.00 |
| Grand Total | | | 64995388 |
| | Expenditure | | |
| 210000000 | Establishment Expenses | I-10(b) | 7177349 |
| 220000000 | Administrative Expenses | I-11(b) | 453,479.00 |
| 230000000 | Operations & Maintenance | I-12(b) | 341,478.00 |
| 24000000 | Interest & Finance charges | I-13 | 1915.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 7084057 |
| 251000000 | Decentralised Plan Programme - Service Sector | I-14(a) | 23043484 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(b) | 1,089,850.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | I-14(c) | 20,000.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes | I-14(d) | 28390696 |
| 255000000 | Maintenance Projects | I-14(e) | 3,062,568.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 29,000.00 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(a) | 1512218 |
| B | TOTAL EXPENDITURE | | 72206094 |
| C=A-B | Gross Surplus/Deficit of income over expenditure | | (7210706) |
| D=280000000 | Proir period item | I-18 | 271963 |
| E=C-D<br>290000000 | Gross surplus/Deficit of income over expenditure after prior period items<br>transfer to Reserve Funds | | (7482669) |
| | Net balance being surplus/deficit carried over to Balance sheet | | |

## അനുബന്ധം-2-3

# BALANCE SHEET OF THILLANKERI GRAMA PANCHAYAT AS ON 31-3-2018

| Code No. | | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve& Surplus | | |
| 310000000 | Panchayat Fund | B-1 | (11784805.20) |
| 311000000 | Earmarked Funds | B-2 | 79703 |
| 312000000 | Reserves | B-3 | 35814403 |
| | Total Reserve& Surplus | | 24109300.8 |
| | Grants,Contributions for specific purposes | | |
| 320000000 | Grants, Funds & Contributions for Specific Purposes | B-4 | 6011326.5 |

| | | | |
|---|---|---|---|
| | Total Grants,Contributions for specific purposes | | 6011326.5 |
| | Loans | | |
| 330000000 | Secured Loans | B-5 | 0 |
| | Total Loans | | 0 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 394330 |
| 350000000 | Other Liabilities | B-9 | 563386 |
| | Total Current Liabilities and Provisions | | 957716 |
| | TOTAL LIABILITIES | | 31078343.3 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 32423039 |
| 411000000 | Accumulated Depreciation | B-11 | (8585974.00) |
| 412000000 | Capital Work In Progress | B-11(a) | 0 |
| | Total Fixed Assets | | 23837065 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 395265 |
| 440000000 | Pre-paid Expenses | B-16 | 0 |
| 450000000 | Cash and Bank balance | B-17 | 6800701.3 |
| 460000000 | Loans, Advances and Deposits | B-18 | 45312 |
| | Total Current Assets,Loans and Advances | | 7241278.3 |
| | TOTAL ASSETS | | 31078343.3 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.